**കേരള സർക്കാർ കത്ത് നം 925/എ2/2001/വനം തീയതി, 17.9.2001 – ന് സെക്രട്ടറി വനം, വന്യജീവി (എ) വകുപ്പ്. തിരുവനന്തപുരം ചീഫ് ഫോറസ്റ്റ്, കൺസർവേറ്റർ (ഭരണം), തിരുവനന്തപുരത്തിനു അയച്ച കത്തിന്റെ ശരിപകർപ്പ്.**

വിഷയം : വനം വകുപ്പ് - റിട്ടയർഡ് ചെയ്തവർക്കെതിരെ ശിക്ഷണ നടപടി ആരംഭിക്കുന്നത് - സംബന്ധിച്ച്.

സൂചന : താങ്കളുടെ 8/1/2001 ലെ ബി 5.23690/97 6.2.2001 -ലെ ബി 7.17275/2000 എന്നീ നമ്പർ കത്തുകൾ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള സർവ്വീസ് റൂൾസ് ഭാഗം 3റൂൾ 3 (ബി) (ഐ) അനുസരിച്ച് റിട്ടയർ ചെയ്ത ഒരു ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി ആരംഭിക്കുന്നതിന് സർക്കാറിന്റെ മുൻകൂറ് അനുവാദം വാങ്ങിയിരിക്കണം. എന്നാൽ വനം വകുപ്പിന്റെ പല അച്ചടക്ക നടപടികളിലും റിട്ടയർ ചെയ്തതിനു ശേഷം സർക്കാറിന്റെ അനുമതിയില്ലാതെ കുറ്റപത്രം നൽകുകയും പിന്നീട് എപ്പോഴെങ്കിലും സർക്കാറിന്റെ സാധൂകരണം നേടുകയും ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇത് അനുവദിക്കുവാൻ കഴിയില്ല. ആയതിനാൽ ഇനി മേലിൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർക്കെതിരെ നിയമ പ്രകാരമല്ലാതെ ശിക്ഷണ നടപടി സ്വീകരിക്കരുതെന്ന് ബന്ധപ്പെട്ട് എല്ലാ ഉദ്യോഗസ്ഥൻമാർക്കും കർശനമായ നിർദ്ദേശം നൽകുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ.
എം. അർക്കേഞ്ചലോ
അണ്ടർ സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി.

അംഗീകാരത്തോടെ,
ഒപ്പ്
സെക്ഷൻ ഓഫീസർ.

<u>മേലെഴുത്തു നം. ബി 7.17275/2000 തീയതി, 9.10.2001.</u>

17.10.2001 - ലെ സർക്കാർ കത്തിന്റെ പകർപ്പ് എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ഫോറസ്റ്റ് കൺസർവേറ്റർ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ അറിവിലേയ്ക്കായി ഇതോടൊപ്പം അയക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന് വേണ്ടി.